ഉത്തരം

(എ) ചില ക്ഷേമനിധി ബോർഡുകളിൽ അവയുടെ സുഗമമായ പ്രവർത്തനത്തിന് അത്യാവശ്യ ഘട്ടങ്ങളിൽ ദിവസക്കൂലി ഇനത്തിൽ ആളുകളെ നിയോഗിക്കാറുണ്ട്.

(ബി) വിവരം അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(സി) നിയമനം പി.എസ്.സി-യ്ക്ക് വിട്ടിട്ടുള്ള ബോർഡുകളിലെ വിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.†

(ഡി) ഉണ്ട്. സ്ഥിരപ്പെടുത്തുന്ന കാര്യം ബോർഡ് ആലോചിച്ചിട്ടില്ല.

കെസ്റ്റു 99 പദ്ധതി കണ്ണൂർ ജില്ലയിൽ

70 [2842] ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെസ്റ്റു 99 പദ്ധതി പ്രകാരം സ്വയം തൊഴിൽ പദ്ധതിയിലൂടെ സംസ്ഥാനത്ത് എത്ര പേർക്ക് വായ്പ ലഭിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ജില്ലയിൽ എത്ര പേർക്ക് വായ്പ നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ;

(സി) കെസ്റ്റു 99 പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ വായ്പക്ക് അപേക്ഷിച്ച വരുടേയും ലഭിച്ചവരുടേയും പേരുവിവരങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) നാളിതുവരെ 1887 പേർക്ക് വായ്പ ലഭിച്ചിട്ടുണ്ട്.

(ബി) 93 പേർക്ക് വായ്പ നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

പ്ലാന്റേഷനുകളുടെ പുനരുദ്ധാരണം

71 [2843] ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. സ്റ്റീഫൻ ജോർജ് :
,, ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

†അനുബന്ധം I, II

LIBRARY ARCHIVES Kerala Legislative Assembly